## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4837 — 19.05.2017 -ൽ മറുപടിക്ക്

## ഒഡെപെക്കിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, കാരാട്ട് റസാഖ്<br>ശ്രീമതി.വീണാ ജോർജ്ജ് | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) | |
| (എ) | ചില അറബ് രാജ്യങ്ങളിൽ സ്വദേശിവൽക്കരണം വ്യാപകമാക്കുന്നത് വിദേശ തൊഴിലവസരങ്ങൾ ഗണ്യമായി കുറയാൻ ഇടയായത് കണക്കിലെടുത്ത് 'ഒഡെപെക്കി'ന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | നിലവിൽ വിദഗ്ധ, അവിദഗ്ധ തൊഴിലാളികൾക്ക് വിദേശ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ഒഡെപെക്കിന്റെ പങ്ക് നാമമാത്രമായി പരിമിതപ്പെട്ടിരിക്കുന്നത് വിപുലീകരിക്കാൻ എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; | (ബി) | മുൻകാലങ്ങളിൽ ഒഡെപെക്ക് അറബ് രാജ്യങ്ങളിലേക്ക് മാത്രമാണ് റിക്രൂട്ട്മെന്റ് നടത്തിയിരുന്നത്. എന്നാൽ 2015-16 കാലയളവിൽ യൂറോപ്യൻ രാജ്യങ്ങളിലേക്കും റിക്രൂട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള റിക്രൂട്ട്മെന്റ് നടപടികൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ വിശദമായി പരിശോധിച്ചു വരുന്നു. |

| | |
|---|---|
| (സി) കേന്ദ്രസർക്കാർ നഴ്സിംഗ് റിക്രൂട്ട്മെന്റ് സർക്കാർ ഏജൻസികൾക്കായി പരിമിതപ്പെടുത്തിയതിനാലും ഒഡെപെക് വഴി നിലവിലുള്ള റിക്രൂട്ട്മെന്റിൽ 95 ശതമാനത്തോളം നഴ്സുമാരാണ് എന്നതിനാലും കൂടുതൽ തൊഴിൽദായകരെ കണ്ടെത്താൻ ഒഡെപെക്കിനെ പ്രാപ്തരാക്കും വിധത്തിൽ ഓൺ ലൈൻ ജോബ് പോർട്ടൽ സൃഷ്ടിച്ച് വിദേശത്തേക്കുള്ള തൊഴിൽ എക്സ്ചേഞ്ച് സ്ഥാപനമാക്കി മാറ്റാൻ വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ? | (സി) ഒഡെപെക്കിന്റെ റിക്രൂട്ട്മെന്റിൽ 95 ശതമാനത്തോളം നഴ്സുമാർക്കാണ് തൊഴിൽ അവസരം ലഭിക്കുന്നത്. ഇപ്പോൾ റിക്രൂട്ട്മെന്റ് ത്വരിതപ്പെടുത്തുന്നതിലേക്ക് ഓൺലൈൻ ജോബ് പോർട്ടൽ നിലവിലുണ്ട്. അത് കൂടുതൽ വിപുലീകരിച്ച് വിദേശത്തേക്കുള്ള തൊഴിൽ എക്സ്ചേഞ്ച് രൂപപ്പെടുത്തി കൂടുതൽ തൊഴിൽ ദായകരെ കണ്ടെത്തി നഴ്സുമാരുടെ റിക്രൂട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ഒഡെപെക് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ